**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **14-03-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിന്റെ സ്ഥലത്തെ റീസർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ റീസർവ്വെ പ്രകാരമുള്ള വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുവാൻ വൈക്കം ഭൂരേഖാ തഹസീൽദാർക്ക് കടുത്തുരുത്തി പഞ്ചായത്ത് സെക്രട്ടറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 12.10.2021 ൽ നടന്ന ഭൂമി അളവിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ടി സ്ഥലത്തിന്റെ റീസർവ്വെ സ്കെച്ച് ലഭ്യമാണെങ്കിലും, പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്ക് എടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമല്ലാത്തതിനാലും റീസർവ്വെയിൽ അധികമായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉള്ളതിനാലും അളവ് നടപടി പൂർത്തിയായിട്ടില്ലാത്തതാണ്. ആയതിനാൽ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (ബി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ടി സ്ഥലത്തിന്റെ റീസർവ്വെ സ്കെച്ച് ലഭ്യമാണെങ്കിലും, പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്ക് എടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമല്ലാത്തതിനാലും റീസർവ്വെയിൽ അധികമായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉള്ളതിനാലും അളവ് നടപടി പൂർത്തിയായിട്ടില്ലാത്തതാണ്. ആയതിനാൽ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത സർവ്വെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ടോ; പഞ്ചായത്ത് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ടി സ്ഥലത്തിന്റെ റീസർവ്വെ സ്കെച്ച് ലഭ്യമാണെങ്കിലും, പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്ക് എടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമല്ലാത്തതിനാലും റീസർവ്വെയിൽ അധികമായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉള്ളതിനാലും അളവ് നടപടി പൂർത്തിയായിട്ടില്ലാത്തതാണ്. ആയതിനാൽ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | വൈക്കം ഭൂരേഖാ തഹസീൽദാർ ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ | (ഡി) | കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് വേണ്ടി ഗ്രാപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ 6 ഏക്കർ 6.9025 |

| | | | |
|---|---|---|---|
| | കാരണം വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | | സെന്റ്, ഗ്രാമപഞ്ചായത്ത് പൊന്നുംവിലയ്ക്ക് എടുത്ത 13 ഏക്കർ 32.244 സെന്റ് ഉൾപ്പെടെ 19 ഏക്കർ 39.147 സെന്റ് ഭൂമി ഗവൺമെന്റ് പോളിടെക്കിനിക്കിന് കൈമാറി ഉത്തരവായിരുന്നതാണ്. റീ സർവ്വെ പ്രകാരം കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റീ സർവ്വെ 208/33 ൽ 14.79 ആർ, റീ സർവ്വെ 193 ൽ 8.1719 ഹെക്ടർ ഉൾപ്പെടെ 8.3190 ഹെക്ടർ (20 ഏക്കർ 55 സെന്റ്) വിസ്തീർണ്ണം ഉള്ളതാണ്. ടി ഭൂമിയുടെ അതിരുകൾ സംബന്ധിച്ച് സ്വകാര്യ വ്യക്തിയും ഗവൺമെന്റ് പോളിടെക്കിനിക്ക് അധികാരികളും ആക്ഷേപം ഉന്നയിച്ചതിനാൽ താലൂക്ക് സർവ്വെയർ വിസ്തീർണ്ണത്തിൽ വന്നിട്ടുള്ള വ്യത്യാസം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗവൺമെന്റ് പോളിടെക്കിനിക്കിന് കൈമാറിയ 19 ഏക്കർ 39.147 സെന്റ് ഭൂമിയുടെ പ്രത്യേകം സ്കെച്ച് ലഭ്യമല്ലാത്തതാണ്. റീ സർവ്വെയ്ക്ക് ശേഷം കൂടുതലായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. കൂടാതെ പോളിടെക്കിനിക്കിന് ചുറ്റ് മതിൽ നിർമ്മിച്ചപ്പോൾ പൊന്നുംവിലയ്ക്ക് എടുക്കാത്ത തന്റെ സ്ഥലം ഉൾപ്പെടുത്തിയതായി ശ്രീ. അപ്പു സി.എസ്. ചാലപ്പുറത്ത് മ്യാലിൽ എന്നയാൾ പരാതി നൽകിയിട്ടുള്ളതുമാണ്. പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായി വഴിയ്ക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്ത് ലഭ്യമാക്കിയാൽ സർവ്വെ നടപടി അടിയന്തിരമായി പൂർത്തിയാക്കുന്നതാണ്. വൈക്കം ഭൂരേഖ തഹസിൽദാർ ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ